(ബി) ഫീമെയിൽ വാർഡൻ, മേട്രൻ തസ്തികയുടെ നിലവിലുള്ള അനുപാതം എത്രയെന്ന് വ്യക്തമാക്കുമോ;

(സി) ജയിൽ വകുപ്പിലെ എക്സിക്യൂട്ടീവ് വിഭാഗത്തിൽ നിലവിലുള്ള വനിതാ തസ്തികകൾ ഏതെല്ലാമെന്നും അവ ഓരോന്നിന്റെയും എണ്ണം എത്രയാണെന്നും വിശദമാക്കുമോ;

(ഡി) വനിതാ ജയിലുകളിലെ സൂപ്രണ്ട്, ഡെപ്യൂട്ടി സൂപ്രണ്ട്, വെൽഫയർ ഓഫീസർ എന്നീ തസ്തികകളിൽ നിയമനം നടത്തുന്നതിന് സ്പെഷ്യൽ റൂൾസ് നിലവിലുണ്ടോ;

(ഇ) ഇല്ലെങ്കിൽ എന്ത് മാനദണ്ഡം അനുസരിച്ചാണ് ഈ തസ്തികകളിലേക്ക് നിയമനം നടത്തുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 76 വനിതാ വാർഡർമാർ

(ബി) ഫീമെയിൽ വാർഡൻ, മേട്രൻ ഗ്രേഡ് രണ്ട്, മേട്രൻ ഗ്രേഡ് ഒന്ന് എന്നീ തസ്തികകളുടെ അനുപാതം 4:1:1 എന്ന ക്രമത്തിലാണ്.

(സി) വനിതാ ജയിൽ സൂപ്രണ്ട്	—	1
വനിതാ ജയിൽ ഡെപ്യൂട്ടി സൂപ്രണ്ട്	—	1
ഒന്നാം ഗ്രേഡ് മേട്രൻ	—	6
രണ്ടാം ഗ്രേഡ് മേട്രൻ	—	6
വനിതാ വാർഡർ	—	76

(ഡി) ഇല്ല.

(ഇ) സൂപ്രണ്ട്, ഡെപ്യൂട്ടി സൂപ്രണ്ട് എന്നീ തസ്തികകളിലേക്കുള്ള നിയമനം സീനിയോറിറ്റിയുടേയും യോഗ്യതയുടേയും അടിസ്ഥാനത്തിലാണ് നൽകിവരുന്നത്. 2-1-1980-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 8/80/ആഭ്യന്തരം അനുസരിച്ചാണ് വെൽഫയർ ഓഫീസർമാരുടെ നിയമനം നടത്തുന്നത്.

പരോളിലിറങ്ങിയ തടവുകാർ

90 [1607] ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ജയിലുകളിലായി എത്ര തടവുകാരുണ്ടെന്നും അതിൽ സ്ത്രീകളെത്രയെന്നും പുരുഷന്മാരെത്രയെന്നും വെളിപ്പെടുത്തുമോ;

(ബി) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ വിവിധ ജയിലുകളിൽ നിന്ന് പരോളിലിറങ്ങിയ എത്ര തടവുകാർ ഒളിവിൽ പോയിട്ടുണ്ടെന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) അപ്രകാരം ഒളിവിൽ പോയവരിൽ എത്രപേർ കൊലക്കുറ്റത്തിന്റെ പേരിൽ ശിക്ഷിക്കപ്പെട്ടവരാണെന്ന് വെളിപ്പെടുത്താമോ;

(ഡി) സംസ്ഥാനത്ത് പിടികിട്ടാപ്പുള്ളികളായി പ്രഖ്യാപിച്ചിട്ടുള്ള കുറ്റവാളികൾ എത്രപേരുണ്ടെന്ന് അറിയിക്കാമോ;

(ഇ) തടവുകാർക്ക് ഒരു വർഷത്തിൽ സാധാരണ ഗതിയിൽ എത്രതവണ പരോൾ അനുവദിക്കുമെന്നും ഇപ്പോൾ പരോൾ അനുവദിക്കുന്ന കാര്യത്തിൽ സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 31-1-2005-ലെ കണക്ക് പ്രകാരം 6736 പുരുഷ തടവുകാരും, 219 സ്ത്രീ തടവുകാരും ഉൾപ്പെടെ 6955 തടവുകാരുണ്ട്.

(ബി) 20 തടവുകാർ പരോളിലിറങ്ങിയശേഷം ഒളിവിൽ പോയിട്ടുണ്ട്.

(സി) 20 തടവുകാർ

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഇ) ഒരു വർഷവും അതിനുമേലും ശിക്ഷിക്കപ്പെട്ട ജയിലിനുള്ളിലെ സത്സ്വഭാവികളായ തടവുകാർക്ക് ശിക്ഷയുടെ മൂന്നിലൊന്നോ 2 വർഷമോ ഏതാണ് കുറവ്, ശിക്ഷ അനുഭവിച്ച തടവുകാർക്ക് ബന്ധപ്പെട്ട പോലീസ് സൂപ്രണ്ടിന്റെയും പ്രൊബേഷൻ ഓഫീസറുടേയും അനുകൂല റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഒരുവർഷം രണ്ട് പ്രാവശ്യം സാധാരണ അവധി (ഓർഡിനറി ലീവ്) 30 ദിവസംവെച്ച് അനുവദിക്കാറുണ്ട്. കൂടാതെ തടവുകാരുടെ ഉറ്റ ബന്ധുക്കൾ മരണപ്പെടുമ്പോഴോ, ഗുരുതരമായ രോഗാവസ്ഥ ഉള്ളപ്പോഴോ വകുപ്പ്തലത്തിൽ 10 ദിവസം വരെ ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ അടിയന്തിരാവധി (എമർജൻസി ലീവ്) അനുവദിക്കാറുണ്ട്. ഈ അടിയന്തിരാവധി 35 ദിവസം കൂടി കൂട്ടി (മൊത്തം ഒരു തവണ) 45 ദിവസംവരെ ദീർഘിപ്പിച്ച് നൽകുവാൻ സർക്കാരിന് അധികാരമുണ്ട്. തുറന്ന ജയിലിൽ ഒരു വർഷം പൂർത്തിയാക്കിയ തടവുകാർക്ക് മാത്രമായി സാധാരണ അവധിയ്ക്കും അടിയന്തിരാവധിയ്ക്കും പുറമേ വർഷത്തിൽ 15 ദിവസം ഹോം ലീവും അനുവദിക്കാറുണ്ട്.

ജയിലുകളിലെ സ്ത്രീ തടവുകാർ

91 [1608] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ജയിലുകളിലായി എത്ര സ്ത്രീതടവുകാരുണ്ടെന്നും ഓരോ ജയിലുകളിലും എത്ര സ്ത്രീ തടവുകാർ വീതമുണ്ടെന്നുള്ള വിശദമായ കണക്കുകൾ ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly